# മാകൃയുടെ ബാബുരാജ് അനുസ്മരണകാസറ്റ്

# മോഹൻലാലിന് ഒരു തുറന്ന കത്ത്

പ്രിയപ്പെട്ട മോഹൻലാൽ,

ഒരു ഞായറാഴ്ച സായാഹ്നം. ഗുരുവായൂർ ഗവ. യു.പി. സ്കൂളിൽ സുരാസുസ്മൃതിയുടെ ഭാഗമായി നടന്ന പരിപാടിയിൽ അനുസ്മരണപ്രസംഗം നടത്താനെത്തിയതായിരുന്നു കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ മതശാസ്ത്രവിഭാഗം അദ്ധ്യാപകനായ ജോൺ ജേക്കബ്ബും അദ്ദേഹത്തിൻെറ സുഹൃത്തായ ജയപ്രകാശനും. പരിപാടിയിൽ ഉദ്ദേശിച്ചിരുന്ന ഇനമായിരുന്നില്ലെങ്കിൽകൂടി ഇനി ഒരാളുടെ ഹിന്ദുസ്ഥാനി ഗാനാലാപനം കേൾക്കാം എന്ന് സംഘാടകർ മൈക്കിലൂടെ വിളിച്ചുപറഞ്ഞു. ജോൺ ജേക്കബ്ബ് ജയപ്രകാശിനെ ഇങ്ങനെ പറഞ്ഞുകൊണ്ട് സദസ്യർക്ക് പരിചയപ്പെടുത്തി: "ഇദ്ദേഹം ഹിന്ദുസ്ഥാനി സംഗീതത്തിൽ വളരെ താല്പര്യമുള്ള, സംഗീതം പഠിക്കാൻ വർഷങ്ങൾ ചെലവഴിച്ച് ഒരിടത്തും എത്താതെ ഇടയ്ക്കുവെച്ച് സംഗീതത്തിലെ സാങ്കേതികകാര്യങ്ങളേക്കാൾ മനോധർമ്മ (ജീവിതബോധം) മാണ് കാര്യമെന്ന് ബോദ്ധ്യപ്പെട്ട് പിന്മടങ്ങിയ ആളാണ്. അദ്ദേഹത്തിന് നിങ്ങളോട് ചിലത് പറയാനുണ്ട്"

സുരാസുവിനെ നേരിട്ട് പരിചയപ്പെടാൻ ഭാഗ്യമുണ്ടായിട്ടില്ലെന്നും കേട്ടറിവുവെച്ച് ജീവിതത്തിൽ സന്ദർഭത്തിനൊത്ത് മുണ്ടിൻെറ വളച്ചുകെട്ടഴിച്ചിട്ടു നടക്കാനും സന്ദർഭസ്ഥലം പിന്നിടുമ്പോൾ മുണ്ടു വളച്ചുകെട്ടി പുച്ഛം നടിക്കുവാനും കഴിയാത്ത, ശരിയാണെന്നു തോന്നിയ അതേ രീതിയിൽ ജീവിക്കാൻ ശ്രമിച്ച അപൂർവ്വം വ്യക്തികളിലൊരാളാണെന്നും മനസ്സിലായെന്നും പറഞ്ഞുകൊണ്ട്, ഈ സന്ദർഭത്തിൽ മൺമറഞ്ഞുപോയ മഹാനായ കലാകാരൻ ബാബുരാജിനേയും (തൻെറ സംഗീതത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും ഒരുങ്ങാത്ത ഒരാളായിട്ടാണ് ബാബുരാജിനെ സുരാസുസ്മൃതിയുമായി ബന്ധപ്പെടുത്തിയത്) ഹിന്ദുസ്ഥാനി സംഗീതത്തെപ്പറ്റിയും ചിലതു പറഞ്ഞുകൊള്ളട്ടെയെന്ന് വിനീതനായിക്കൊണ്ടാണ് അദ്ദേഹത്തിൻെറ ആരംഭം. സംഗീതമെന്നൊക്കെ പറഞ്ഞാൽ ഒരപാരസമുദ്രമാണെന്നൊക്കെ നാം കേട്ടിട്ടുണ്ട്, പക്ഷേ എൻെറ അഭിപ്രായത്തിൽ അതൊരു മനോധർമ്മമാണ്. നമ്മുടെ മൺമറഞ്ഞുപോയ പ്രിയങ്കരനായ മഹാനായ കലാകാരൻ ബാബുരാജ് എങ്ങനെയാണ് പാട്ടുകൾ ട്യൂൺ ചെയ്യുതെന്ന് ഞാൻ വിശദമാക്കട്ടെ. ഹിന്ദുസ്ഥാനി സംഗീതത്തിൽ വലിയ പണ്ഡിതനൊന്നുമായിരുന്നില്ല അദ്ദേഹം എന്നു പറഞ്ഞുകൊണ്ട് ഒരു രാഗമാലപിക്കുകയും അതിൽ നിന്നു വ്യത്യസ്തമായി ബാബുരാജ് അതെങ്ങനെ ഒരു ഗാനം ചിട്ടപ്പെടുത്താൻ ഉപയോഗിച്ചുവെന്ന് സരസമായി വിശദീകരിക്കുകയും ചെയ്തു. ബാബുരാജിന് പാട്ടിലെ കാവ്യാർത്ഥങ്ങൾ സ്വന്തം ജീവിതം തന്നെയായിരുന്നുവെന്നും സംഗീതസംവിധാനം തൻെറ ആത്മാ(ജീവിതാ)വിഷ്കാരം തന്നെയായിരുന്നുവെന്നും പറഞ്ഞുകൊണ്ട് ബാബുരാജ് ഒരു പാട്ടിൽ .......... പിണങ്ങിപ്പോയി എന്ന് അവസാനിക്കുന്ന ഭാഗം പിണക്കത്തിൻേറയും പരിഭവത്തിൻേറയും അനുഭവം കിട്ടാവുന്നവിധം മനോധർമ്മമനുസരിച്ച് ട്യൂൺ ചെയ്തത് അദ്ദേഹം ഏവർക്കും ബോദ്ധ്യപ്പെടുന്ന രീതിയിൽ പാടിക്കേൾപ്പിച്ചു.

വളരെ ഉന്മേഷദായകവും ആവേശകരവുമായിരുന്നു ഈ അനുഭവം. ബാബുരാജിൻെറ ജീവിതത്തോട് മറ്റൊരു കലാകാരന് ചെയ്യാവുന്ന (ജയപ്രകാശ് അപ്രശസ്തനെങ്കിലും മഹാനായ ഒരു കലാകാരനാണെന്ന് വിശേഷിപ്പിക്കാൻ എനിക്ക് ഇഷ്ടമുണ്ട്). ഹൃദ്യമായ ആദരാഞ്ജലിയായിട്ടായിരുന്നു ജയപ്രകാശ് അനുഭവം. എന്നെപ്പോലെയുള്ള കാണികൾക്കും (കേൾവിക്കാർക്കും) അങ്ങനെത്തന്നെ തോന്നിയിരിക്കാനാണ് സാദ്ധ്യത). ഇതിൻെറ ഒരു ഇഫക്ടായിട്ടാണ് ബാബുരാജിൻെറ സുഹൃത്തായ ശ്രീ വടേരി ഹസ്സൻ പ്രസിദ്ധപ്പെടുത്തിയ ബാബുരാജ് എന്ന പുസ്തകവും (നല്ലത്!) കുറച്ചുനാൾ കഴിഞ്ഞ് പരസ്യം കണ്ട് മാകൃയുടെ ഓർമ്മകളിൽ ബാബുരാജ് എന്ന ആദ്യത്തെ രണ്ടു കാസറ്റുകളും ഞാൻ വാങ്ങിയത്.

മാകൃയിലെ കലാകാരന്മാരോടും പ്രത്യേകിച്ച് അവരുടെ പ്രതിനിധിയായി ഞാൻ സങ്കല്പിച്ചിരുന്ന ശ്രീ മോഹൻലാലിനോടുമുള്ള എല്ലാ ആദരവും സ്നേഹവും നിലനിർത്തിക്കൊണ്ടുതന്നെ പറയട്ടെ. നിങ്ങൾ ബാബുരാജിൻെറ ഓർമ്മയോട്, മിതമായ ഭാഷയിൽ പറഞ്ഞാൽ, വേണ്ടത്ര നീതി കാട്ടിയിട്ടില്ല കാസറ്റ് കേട്ട അനുഭവം വെച്ച് പറയുകയാണെങ്കിൽ, ഇതൊരു തല്ലിക്കൂട്ടാണ്. ബാബുരാജിനെക്കുറിച്ച് വിദൂരമായ ഒരോർമ്മ മാത്രമേ ഇതിൽനിന്നും കിട്ടുകയുള്ളൂ. വേണ്ടത്ര അവധാനതയില്ലാതെ, ഒരു സ്റ്റേജുപരിപാടി കാസറ്റിലാക്കി ഓർമ്മകളിൽ ബാബുരാജ് എന്നൊരു നെറ്റിപ്പട്ടവും ചാർത്തി മാർക്കറ്റിലിറക്കാൻ എങ്ങനെ നിങ്ങൾക്ക് ധൈര്യം വന്നു?

ലക്ഷോപലക്ഷം വരുന്ന ആരാധകരെ (ആരാധന ശരിയല്ല, ആസ്വാദനം, അല്ല, അനുഭവമാണ് ശരി) സിനിമാവ്യവസായത്തിൻെറ ഉൽപ്പന്നങ്ങളുടെ വെറും ഉപഭോക്താക്കളായി കാണരുത്. ജനങ്ങളുടെ അഭിരുചിയെ നിങ്ങൾ മാനിക്കണം.

ഇത് ഒരാവിഷ്കാരസ്വാതന്ത്ര്യത്തിൻെറ പ്രശ്നവുമല്ല ഞങ്ങൾക്കിഷ്ടമുള്ളത് ഞങ്ങൾ കേൾപ്പിക്കും, നിങ്ങൾക്കിഷ്ടമുള്ളത് നിങ്ങൾ കേട്ടാൽ മതി എന്നു പറഞ്ഞൊഴിയാൻ കഴിയില്ല കാരണം, ബാബുരാജ്ഗാനങ്ങൾ ജനങ്ങളുടെ സ്മൃതിയുടെ ഭാഗമാണ്. അതിനെ ദൃഢീകരിക്കാനുള്ള പ്രവർത്തനങ്ങളാണ് സഹോദരകലാകാരന്മാരിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നത്. മോഹൻലാലിനെ എന്തിന് കുരിശിലേറ്റുന്നുവെന്ന് ന്യായമായും സംശയിക്കാം. നല്ലൊരു നടനായി ജനസഹസ്രങ്ങളുടെ അംഗീകാരം നേടിയ ശ്രീ മോഹൻലാലിൻെറ ബാലസാഹസകൗതുകം ബാബുരാജ് സ്മൃതിയിലൂടെ വേണ്ടായിരുന്നു. കാസറ്റൊരുക്കുമ്പോൾ സ്നേഹപൂർവ്വമായ അപേക്ഷയെ തിരസ്കരിച്ചുകൊണ്ട് താങ്കൾക്ക് അത്തരമൊരുദ്യമം ഒഴിവാക്കാമായിരുന്നു. ആത്മാവിഷ്കാരം സ്റ്റേജിൽ മാത്രമൊതുക്കി മര്യാദ കാണിക്കാമായിരുന്നു. മാകൃയോട് ഒരപേക്ഷയുള്ളത് കഴിയുമെങ്കിൽ ഈ കാസറ്റ് പിൻവലിച്ച് വേണ്ടത്ര ശ്രദ്ധയോടെ ബാബുരാജിനോടും ജനങ്ങളോടും നീതിപുലർത്താവുന്ന രീതിയിൽ ഓർമ്മകളിൽ ബാബുരാജ് വീണ്ടുമിറക്കുകയാണ് ചെയ്യേണ്ടത്. നഷ്ടം സിനിമാരംഗത്ത് ഒരു പ്രശ്നമല്ലല്ലോ. ആത്മാർത്ഥതയുണ്ടെങ്കിൽ സഹിക്കാവുന്നതേയുള്ളൂ. പരസ്യത്തിൻെറ ഇഫക്ടിനു കോട്ടം തട്ടാത്തവിധം ഇത് നിർവ്വഹിക്കാവുന്നതല്ലേ ഉള്ളൂ. ഇത്രയും കാര്യങ്ങളെഴുതി ഒരു നല്ല കലാകാരനെ മുറിവേൽപ്പിച്ചിട്ടുണ്ടെങ്കിൽ വിനീതമായി മാപ്പുചോദിക്കുന്നു.

സ്നേഹപൂർവ്വം (ഒപ്പ്)
കെ.ആർ. ശശിധരൻ
വരന്തരപ്പിള്ളി